# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 476** — **18/11/2019-ൽ മറുപടിക്ക്**

## വ്യാജ മരുന്ന് നിർമ്മാണവും വിതരണവും

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>,, കെ.എം.ഷാജി<br>,, പി.കെ.അബ്ദു റബ്ബ് | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) വൻകിട കമ്പനികളുടെ മരുന്നുകൾ വ്യാജമായി നിർമ്മിച്ച് വിതരണം ചെയ്യുന്ന സംഘങ്ങൾ കേരളത്തിൽ ശക്തമാകുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ഇത്തരത്തിലുള്ള വാർത്തകൾ പത്ര-ദൃശ്യമാധ്യമങ്ങളിൽ വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് വിശദമായ അന്വേഷണങ്ങൾ നടത്തിവരുകയാണ്. 48-ഓളം സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഏഴ് ലക്ഷത്തോളം രൂപയുടെ മരുന്നുകളുടെ തുടർവിപണനം താത്കാലികമായി നിറുത്തിവയ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ നിന്ന് സംശയാസ്പദമായി കണ്ടെടുത്ത മരുന്നുകൾ ഇതിനകം പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായോ; അറിയിക്കാമോ; | ബി) ഉണ്ട്. പ്രമുഖ കമ്പനികളുടെ വേഗത്തിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകൾ അന്യസംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത ബാച്ചുകളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ നിന്നും ശേഖരിച്ച സാമ്പിളുകൾ ഗുണനിലവാരമുള്ളതായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| സി) കേരളത്തിലെ സംഭരണ കേന്ദ്രങ്ങളിൽ മരുന്നുകൾ വേണ്ടത്ര അളവിൽ ലഭിക്കുമെന്നിരിക്കെ പുറത്തു നിന്നും വൻതോതിൽ മരുന്നുകൾ വരുത്തുന്നതിന്റെ സാഹചര്യം പരിശോധിക്കുമോ; | സി) സംസ്ഥാനത്തെ ചില മരുന്നു വിതരണക്കാർ, പ്രമുഖ മരുന്ന് കമ്പനികളുടെ ഏറ്റവും അധികം ചിലവുള്ള മരുന്നുകൾ ടി കമ്പനികളുടെ അംഗീകൃത വിൽപന ശൃംഖല വഴി വാങ്ങുന്നതിന് പകരം, അന്യസംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നതായി വിവരം ലഭിക്കുകയും ഇതേപറ്റി സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ, GST നിലവിൽ വന്നതിനെ തുടർന്നാണ് ഇത്തരത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് മരുന്നുകൾ നേരിട്ട് വാങ്ങുന്നതിന് |

| | | | |
|---|---|---|---|
| | | | സാഹചര്യമുണ്ടായതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇത്തരത്തിൽ വാങ്ങുന്ന മരുന്നുകളുടെ ആധികാരികതയെപറ്റി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ അന്വേഷണം നടന്നുവരുകയാണ്. |
| ഡി) | വ്യാജ മരുന്ന് കേരളത്തിൽ എത്തുന്ന വിവരം വൻകിട കമ്പനികളും ഏജൻസികളും സർക്കാരിനെ അറിയിച്ചതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വിശദമാക്കുമോ? | ഡി) | റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് വിശദമായ പരിശോധനകളും അന്വേഷണങ്ങളും നടത്തിവരികയാണ്. |

**സെക്ഷൻ ഓഫീസർ**